"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - ശ്രീ.അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ഒരു പ്രത്യേക കേസായി പരിഗണിച്ച് എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/TAXES തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. ശ്രീ.അബ്ദുൽ അസീസിന്റെ 13.2.2023, 31.8.2024 തീയതികളിലെ അപേക്ഷകൾ.
2. സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണറുടെ 13.8.2024, 17.1.2026 തീയതികളിലെ SGST/5831/2023-TPS(HQ)7 നമ്പർ കത്തുകൾ.
3. ശ്രീ. അബ്ദുൽ അസീസിന് 24.8.2024, 28.9.2024 തീയതികളിൽ നൽകിയ B2/73/2023/നികുതി നമ്പർ സർക്കാർ കത്തുകൾ.
4. മലപ്പുറം ജില്ലാ കളക്ടറുടെ 16.11.2024തീയതിയിലെ DCMPM/11098/2024-D2 നമ്പർ കത്ത്.

**ഉത്തരവ്**

നഷ്ടത്തിലായതിനാൽ അടച്ചുപൂട്ടേണ്ടിവന്ന സ്ഥാപനത്തിന്റെ ടാക്സ് അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ലഭ്യമായ റവന്യൂ റിക്കവറി നോട്ടീസ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ജപ്തി നടപടികൾ നിർത്തി വെക്കണമെന്നും, നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കി നൽണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 13.2.2023 തീയതിയിൽ ശ്രീ.അബ്ദുൽ അസീസ് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ഇത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണർ 13.8.2024 തീയതിയിൽ സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ അറിയിച്ചിരുന്നു.

കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് രജിസ്ട്രേഷനുണ്ടായിരുന്ന, ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിലെ വാറ്റ് റിട്ടേണുകൾ പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ യഥാക്രമം 72,796/-, 1,30,143/-, 11,256/- എന്നീ തുകകൾ ചുമത്തിക്കൊണ്ടുള്ള ഉത്തരവുകൾ സംസ്ഥാന നികുതി ഓഫീസർ, ടാക്സ് പെയർ സർവീസസ് സർക്കിൾ, മണ്ണാർക്കാട് കാര്യാലയത്തിൽ നിന്നും നൽകുകയുണ്ടായി. പ്രസ്തുത തുക നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതിരുന്നതിനാൽ അവ പിരിച്ചെടുക്കുന്നതിനായി യഥാക്രമം 2022/11790/09, 2022/11751/09, 2022/11811/09 എന്നീ RRC നമ്പറുകൾ പ്രകാരം 22.11.2022-ന് മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ, ടി കക്ഷിയുടെ നിലവിലെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി 30.03.2023-ന് പ്രസ്തുത റവന്യൂ റിക്കവറി അപേക്ഷകൾ തിരിച്ചയയ്ക്കുകയുണ്ടായി. KVAT കുടിശ്ശികകൾ ഇളവുകളോടെ തീർപ്പാക്കുവാൻ അനുവദിക്കുന്ന ആംനസ്റ്റി പദ്ധതി 2024 ആഗസ്റ്റ് ഒന്നുമുതൽ നിലവിൽ വന്നിട്ടുള്ളതിനാൽ ടി പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കാവുന്നതാണെന്ന് അപേക്ഷകനെ പരാമർശം (3) പ്രകാരം 24.08.2024 തീയതിയിൽ അറിയിച്ചിരുന്നു.

3. പരാമർശം (3) പ്രകാരം മറുപടി ലഭിച്ച ശേഷം ശ്രീ.അബ്ദുൽ അസീസ്, താൻ ഒരു വൃക്കരോഗിയാണെന്നും ഡയാലിസിസിന് വിധേയമായി കൊണ്ടിരിക്കുന്നതിനാൽ തന്റെ രോഗാവസ്ഥ മനസ്സിലാക്കി നികുതി കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കി തരണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) ലെ 31-08-2024 തീയതിയിലെ കത്ത് പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. 2024-ലെ ആംനസ്റ്റി പദ്ധതി പ്രകാരം അൻപതിനായിരം രൂപ വരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. അൻപതിനായിരം രൂപ മുതൽ 10 ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികയ്ക്ക് ആംനസ്റ്റി പദ്ധതിയിൽ 2024 സെപ്റ്റംബർ 29 നകം അപേക്ഷിക്കുന്നവർക്ക് 30%, അതിനു ശേഷം 2% വർദ്ധന എന്ന നിരക്കിൽ ഇളവ് നൽകിയിരുന്നു. KVAT നിയമപ്രകാരം നികുതി കുടിശ്ശിക എഴുതിത്തള്ളുന്നതിന് വ്യവസ്ഥയില്ലാത്തതിനാലും, ആംനസ്റ്റി പദ്ധതി ഉപയോഗപ്പെടുത്തിയാൽ അപേക്ഷകന് കുറഞ്ഞ തുക അടച്ച് ബാധ്യതകളിൽ നിന്ന് ഒഴിവാകാൻ സാധിക്കും എന്നതിനാലും, ടി പദ്ധതി സംബന്ധിച്ച് സംസ്ഥാന നികുതി കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് പരാമർശം (3) ലെ 28.09.2024 തീയതിയിലെ കത്ത് പ്രകാരം വീണ്ടും മറുപടി നൽകി.

5. മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള 16.11.2024 തീയതിയിലെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിൽ ശ്രീ. അബ്ദുൾ അസീസ് Wilful defaulter അല്ല എന്നും ടിയാന്റെ സാമ്പത്തിക സ്ഥിതി അതിദയനീയമാണെന്നും വൃക്ക രോഗ ബാധിതനായതിനാൽ ആഴ്ചയിൽ 3 ഡയാലിസിസ് ചെയ്ത് വരുകയാണെന്നും ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണെന്നും നാട്ടുകാർ കൂടിച്ചേർന്നുണ്ടാക്കിയ ജനകീയകമ്മിറ്റിയുടെ സഹായത്താൽ വാടകവീട്ടിലാണ് ഈ കുടുംബം നിലവിൽ കഴിഞ്ഞ് പോരുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

6. സംസ്ഥാന ചരക്ക സേവന നികുതി കമ്മീഷണർ ലഭ്യമാക്കിയ 17.01.2026 തീയതിയിലെ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം ശ്രീ. അബ്ദുൾ അസീസ് 2024,

2025 വർഷങ്ങളിലെ ആംനസ്റ്റി പദ്ധതി പ്രയോജനപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ അസീസ് വൃക്കരോഗിയായതിനാലും ആഴ്ചയിൽ മൂന്ന് ഡയാലിസിസ് ചെയ്ത് ജോലിചെയ്യാൻ കഴിയാത്ത അവസ്ഥയിലായതിനാലും നാട്ടുകാർ കൂടിച്ചേർന്നുണ്ടാക്കിയ ജനകീയ കമ്മിറ്റിയുടെ സഹായത്താലാണ് അപേക്ഷകനും കുടുംബവും നിലവിൽ കഴിഞ്ഞുപോരുന്നത് എന്നതിനാലും ശ്രീ.അബ്ദുൾ അസീസിന്റെ പേരിലുള്ള വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപ ടിയാനിൽ നിന്ന് ഈടാക്കുവാൻ കഴിയാത്ത സാഹചര്യം ആണ്.

8. മേൽ സാഹചര്യത്തിൽ, കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് രജിസ്ട്രേഷനുണ്ടായിരുന്ന ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപ മലപ്പുറം ജില്ലാ കലക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ, തിരുവനന്തപുരം.
2. ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്-1) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-2) കേരള, തിരുവനന്തപുരം.

5. പൊതുഭരണ (SC) വകുപ്പ്.
6. റവന്യൂ (എച്ച്) വകുപ്പ് .
7. ജില്ലാ കലക്ടർ, മലപ്പുറം.
(16.11.2024തീയതിയിലെ DCMPM/11098/2024-D2 നമ്പർ കത്ത് പ്രകാരം)

8. വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jasmine P A
Date: 15-03-2026 14:22:51 ...ഓഫീസർ

പകർപ്പ്:

1. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. ബി2/73/2023/റ്റി.ഡി. ഇനം നം: 3987

വിഷയം : നികുതി വകുപ്പ് - ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ടു ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) എഴുതി തള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

3987

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം | : | ബി2/73/2023/റ്റി.ഡി. |
| 2 | വകുപ്പ് | : | നികുതി (ബി) വകുപ്പ് |
| 3 | വിഷയം | : | ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുന്നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) എഴുതിത്തള്ളുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11-03-2026 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ / | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ധനകാര്യ മന്ത്രിയുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | മനോജ് കെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11-03-2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13-03-2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | കെ.എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13-03-2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13-03-2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുന്നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) എഴുതിത്തള്ളുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ഈ വിഷയത്തിൽ സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണർ സമർപ്പിച്ച 13.08.2024 തീയതിയിലെ റിപ്പോർട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് രജിസ്ട്രേഷനുണ്ടായിരുന്ന, ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിലെ വാറ്റ് റിട്ടേണുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 72,796/-, 1,30,143/-, 11,256/- എന്നീ തുകകൾ ചുമത്തിക്കൊണ്ടുള്ള ഉത്തരവുകൾ സംസ്ഥാന നികുതി ഓഫീസർ, ടാക്സ് പെയർ സർവീസസ് സർക്കിൾ, മണ്ണാർക്കാട് കാര്യാലയത്തിൽ നിന്നും നൽകുകയുണ്ടായി. പ്രസ്തുത തുക നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതിരുന്നതിനാൽ അവ പിരിച്ചെടുക്കുന്നതിനായി യഥാക്രമം 2022/11790/09, 2022/11751/09, 2022/11811/09 എന്നീ RRC നമ്പറുകൾ പ്രകാരം 22.11.2022 ന് മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ, ടി കക്ഷിയുടെ നിലവിലെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി 30.03.2023-ന് പ്രസ്തുത റവന്യൂ റിക്കവറി അപേക്ഷകൾ തിരിച്ചയയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ, സർക്കാർ പ്രഖ്യാപിച്ച 2024-ലെ ആംനസ്റ്റി പദ്ധതി നിലവിലുള്ള വിവരവും കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, KVAT കുടിശ്ശികകൾ ഇളവുകളോടെ തീർപ്പാക്കുവാൻ അനുവദിക്കുന്ന ആംനസ്റ്റി പദ്ധതി 2024 ആഗസ്റ്റ് ഒന്നുമുതൽ നിലവിൽ വന്നിട്ടുള്ളതിനാൽ ടി പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കാവുന്നതാണെന്ന് അപേക്ഷകനെ 24.08.2024 ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

4. മേൽപ്പറഞ്ഞ പ്രകാരം സർക്കാരിൽ നിന്നുള്ള മറുപടി ലഭിച്ച ശേഷം ശ്രീ.അബ്ദുൽ അസീസ് 31-08-2024 തീയതിയിൽ വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ ഒരു വൃക്കരോഗിയാണെന്നും ഡയാലിസിസിന് വിധേയമായി കൊണ്ടിരിക്കുന്നതിനാൽ തന്റെ രോഗാവസ്ഥ മനസ്സിലാക്കി നികുതി കുടിശ്ശിക പൂർണ്ണമായി ഒഴിവാക്കി തരണമെന്നുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്.

5. 2024-ലെ ആംനസ്റ്റി പദ്ധതി പ്രകാരം അൻപതിനായിരം രൂപ വരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. അൻപതിനായിരം രൂപ മുതൽ 10 ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികയ്ക്ക് ആംനസ്റ്റി പദ്ധതിയിൽ 2024 സെപ്റ്റംബർ 29 നകം അപേക്ഷിക്കുന്നവർക്ക് 30%, അതിനു ശേഷം 2% വർദ്ധന എന്ന നിരക്കിൽ ഇളവ് നൽകിയിരുന്നു. KVAT നിയമപ്രകാരം നികുതി കുടിശ്ശിക എഴുതിത്തള്ളുന്നതിന് വ്യവസ്ഥയില്ലാത്തതിനാലും, ആംനസ്റ്റി പദ്ധതി ഉപയോഗപ്പെടുത്തിയാൽ അപേക്ഷകന് കുറഞ്ഞ തുക അടച്ച് ബാധ്യതകളിൽ നിന്ന് ഒഴിവാകാൻ സാധിക്കും എന്നതിനാലും, ടി പദ്ധതി സംബന്ധിച്ച് സംസ്ഥാന നികുതി കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് വിശദമായ ഒരു മറുപടി 28.09.2024 ലെ കത്ത് പ്രകാരം നൽകുകയും, അതോടൊപ്പം RRC മടക്കി അയയ്ക്കാനിടയായ സാഹചര്യം, അപേക്ഷകന്റെ പേരിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ, നിലവിലെ സാമ്പത്തിക സ്ഥിതി എന്നിവ വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

6. ഇതു സംബന്ധിച്ച മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള 06.11.2024 തീയതിയിലെ റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുൾ അസീസ് എന്നവർക്ക് ആർ.ആർ.സി 2022/11751/09, 2022/11811/09,2022/11790/09 എന്നിവ പ്രകാരം യഥാക്രമം 130143/-, 11256/-, 72796/- കുടിശ്ശിക തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. ടിയാന് ആലിപ്പറമ്പ് വില്ലേജ് ആലിപ്പറമ്പ് ദേശത്തുള്ള 16 ആർ 40 സ്ക്വ.മീ സ്ഥലം പെരിന്തൽമണ്ണ കാർഷികഗ്രാമവികസന ബാങ്കിൽ ഈടുവെച്ച് 20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ)

വായ്പ എടുത്തിട്ടുണ്ടായിരുന്നു. അത് നിലവിൽ 27,00,000/-(ഇരുപത്തിയേഴ് ലക്ഷം രൂപ) രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ടിയാൻ Wilful defaulter അല്ല. രോഗബാധിതനും സാമ്പത്തിക സ്ഥിതി അതിദയനീയവുമാണ്.

ടിയാന് ഭാര്യയും 4 മക്കളുമാണുള്ളത്. അനന്തരവകാശികളിൽനിന്ന് തുക ഈടാക്കാൻ സാധിക്കാത്തതാണ്.

ടിയാന്റെ ഭാര്യക്ക് ജോലിയില്ല. 4 ആൺമക്കളിൽ 3 പേർ വിദ്യാർത്ഥികളാണ്.ഒരു മകൻ വിദേശത്ത് ജോലി ആവശ്യാർത്ഥം പോയിട്ടുണ്ട്. വരുമാനം ആയിട്ടില്ലെന്ന് അറിയുന്നു. ആയതിനാൽ ബാധ്യത ഈടാക്കുന്നതിന് സാഹചര്യമില്ല.

പെരിന്തൽമണ്ണ താലൂക്ക് ആലിപ്പറമ്പ് വില്ലേജ്, ആലിപ്പറമ്പ് ദേശത്ത് സർവ്വെ നമ്പർ 356/3-20 ൽ 41 സ്ക്വ.മി ,356/3-21 ൽ 61 സ്ക്വ.മി ,356/3-22 ൽ 4 ആർ 5 സ്ക്വ.മി,356/3-26 ൽ 4 ആർ 5 സ്ക്വ.മി,414/1-20 ൽ 3 ആർ 64 സ്ക്വ.മി ,414/1-21ൽ 3 ആർ 64 സ്ക്വ.മി എന്നിങ്ങനെ ഒറ്റ പ്ലോട്ടായി ആകെ 16 ആർ 40 സ്ക്വ.മി സ്ഥലവും പണി പൂർത്തിയാകാത്ത വീടുമാണ് ടിയാനുള്ളത്.

ബാധ്യത നിലനിന്നിരുന്ന കാലഘട്ടത്തിൽ വസ്തു ഇടപാടുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

ടി സ്ഥലത്തിന് നിലവിൽ 27,00,000/- (ഇരുപത്തിയേഴ് ലക്ഷം രൂപ) രൂപ കാർഷികഗ്രാമവികസന ബാങ്കിൽ റവന്യൂ റിക്കവറി ആയിട്ടുണ്ട്.

ശ്രീ. അബ്ദുൾ അസീസ് എന്നവർ വൃക്ക രോഗ ബാധിതനാണ്. ആഴ്ചയിൽ 3 ഡയാലിസിസ് ചെയ്ത് വരുന്നു.വാടകവീട്ടിലാണ് താമസിച്ച് വരുന്നത്. കൂടാതെ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. നാട്ടുകാർ കൂടിച്ചേർന്നുണ്ടാക്കിയ ജനകീയകമ്മിറ്റിയുടെ സഹായത്താലാണ് ഈ കുടുംബം നിലവിൽ കഴിഞ്ഞ് പോരുന്നത്.

7. ഈ വിഷയത്തിൽ സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണർ ലഭ്യമാക്കിയ 17.01.2026 തീയതിയിലെ റിപ്പോർട്ട് പ്രകാരം ശ്രീ. അബ്ദുൾ അസീസ് 2024, 2025 വർഷങ്ങളിലെ ആംനസ്റ്റി പദ്ധതി പ്രയോജനപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

8. ഒഴിവാക്കി നൽകുന്നു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

9. ശ്രീ. അബ്ദുൾ അസീസ് വൃക്കരോഗിയായതിനാലും ആഴ്ചയിൽ മൂന്ന് ഡയാലിസിസ് ചെയ്ത് ജോലിചെയ്യാൻ കഴിയാത്ത അവസ്ഥയിലായതിനാലും നാട്ടുകാർ കൂടിച്ചേർന്നുണ്ടാക്കിയ ജനകീയ കമ്മിറ്റിയുടെ സഹായത്താലാണ് അപേക്ഷകനും കുടുംബവും നിലവിൽ കഴിഞ്ഞുപോരുന്നത് എന്നതിനാലും ശ്രീ. അബ്ദുൾ അസീസിന്റെ പേരിലുള്ള വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുന്നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപ ഒഴിവാക്കി നൽകണമെന്ന അപേക്ഷയിൻമേൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് രജിസ്ട്രേഷനുണ്ടായിരുന്ന ശ്രീ. അബ്ദുൽ അസീസ്, പൾസ് മോട്ടേഴ്സ്, അലനല്ലൂർ, മണ്ണാർക്കാട്, പാലക്കാട് എന്ന വ്യാപാരിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വാറ്റ് നികുതി കുടിശ്ശികയായ 2,14,195/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി ഒരുന്നൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപ മലപ്പുറം ജില്ലാ കലക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് എഴുതിത്തള്ളാമോ?